"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പമ്പ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലം നിർമ്മാണം - ബാലൻസ് പ്രവൃത്തി- നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/PWD തിരുവനന്തപുരം, തീയതി, 23-01-2026

---

പരാമർശം:-
1. 31.10.2016 തീയതിയിലെ സ.ഉ(സാധാ)നമ്പർ. 1496/2016/PWD
2. 04/05/2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ
3. പ്രോജക്റ്റ് ഡയറക്ടർ പി.എം.യു കെ.ആർ.എഫ്.ബി യുടെ തീയതിയിലെ PDKRFB-PTA025(688)/1/2022-SS1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ പമ്പ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി പരാമർശം (1) പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 19.09.2017 തീയതിയിൽ 26.76 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും നൽകുകയും, സാങ്കേതിക അനുമതി നൽകി 21.01.2019 തീയതിയിൽ M/s പി.ജി കൺസ്ട്രക്ഷനുമായി 18 മാസത്തെ പൂർത്തീകരണ കാലയളവുള്ള കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഏർപ്പെട്ടത് കാരണം പ്രവൃത്തി മന്ദഗതിയിലായതിനെത്തുടർന്ന് 26.02.2022 തീയതിയിൽ കരാർ അവസാനിപ്പിച്ചു.

2) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനെത്തുടർന്ന് ബാക്കിയുള്ള പ്രവൃത്തിക്ക് DsoR 2018 നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 47.56 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി 01.10.2024 ൽ കിഫ്ബി നൽകുകയും ചെയ്തു. 41.14 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി, ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 22,06,14,966/- രൂപയായി

നിജപ്പെടുത്തി 24.03.2025 ന് പ്രവൃത്തി ടെണ്ടർ ചെയ്തു എങ്കിലും ആദ്യ ടെൻഡറിൽ ആരും പങ്കെടുത്തില്ല. തുടർന്ന് 07.04.2025 തീയതിയിൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തു, രണ്ടാമത്തെ ടെൻഡറിൽ, 2 ബിഡുകൾ ലഭിച്ചു, ക്വോട്ട് ചെയപ്പെട്ട തുക സ്വീകാര്യമായ പരിധിയേക്കാൾ (EPAC-യെക്കാൾ 40.41%) കൂടുതലായതിനാൽ, 27.05.2025 തീയതിയിൽ നടന്ന 59-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി റീടെൻഡർ ചെയ്യാൻ ശുപാർശ ചെയ്തു. 11.06.2025 തീയതിയിൽ നടത്തിയ മൂന്നാം ടെൻഡറിൽ, രണ്ട് ബിഡുകൾ ലഭിച്ചു. Price Preference കണക്കിലെടുത്താൽ L1 ബിഡ്ഡറായ M/s. Uralungal Labour Contract Co-Operative Society ക്വാട്ട് ചെയ്ത തുക 31,79,14,748/- രൂപയായിരുന്നു. ഇത് എസ്റ്റിമേറ്റ് PAC-യേക്കാൾ 44.10% ഉം, DsoR2018+10% തുകയേക്കാൾ 31% ഉം, LMR (Local Market Rate) തുകയെക്കാൾ 19.70% ഉം കൂടുതലാണ്. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിലെ നിരക്ക് (DsoR 2021) പ്രകാരം കണക്കാക്കിയാൽ 24,17,80,161/- രൂപയാണ്. വിവിധ നിരക്കുകളുടെ താരതമ്യ പഠനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ESTIMATE PAC (DSoR 2018) | 22,06,14,966/- |
| DsoR 2018+10% | 24,26,76,463/- |
| LMR (Local Market Rate) | 26,55,92,888/- |
| ESTMATE is Current DSoR (2021) | 24,17,80,161/- |
| DSoR 2021+10% | 26,59,58,177/- |
| Quoted amount | 31,79,14,748/- |

3) പത്തനംതിട്ട ജില്ലയിലെ പമ്പാ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC - യെക്കാൾ 44.10% വർദ്ധനവുള്ളതും , DSoR2018+10% തുകയെക്കാൾ 31% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ 19.70% വർദ്ധനവുള്ളതുമായ 31,79,14,748/- രൂപയുടെ ടെണ്ടർ പദ്ധതിയുടെ അടിയന്തര സ്വഭാവവും പ്രാധാന്യവും പരിഗണിച്ച്, അംഗീകരിക്കണമെന്ന് പരാമർശം (3) പ്രകാരം പ്രോജക്ട് ഡയറക്ടർ, പി.എം.യു കെ.ആർ.എഫ്.ബി അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ പമ്പാ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട്

കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് **PAC** - യെക്കാൾ **44.10%** വർദ്ധനവുള്ളതും , **DSoR 2018+10%** തുകയെക്കാൾ **31%** വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ **19.70%** വർദ്ധനവുള്ളതുമായ **31,79,14,748/-** (മുപ്പത്തിയൊന്ന് കോടി എഴുപത്തിയൊമ്പത് ലക്ഷത്തി പതിനാലായിരത്തി എഴുനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം ) രൂപയുടെ ടെണ്ടർ ; പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 5, ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന **'quoted rate/LMR or DSoR + 10% whichever is less'** എന്ന വ്യവസ്ഥയിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ പി.എം.യു കെ.ആർ.എഫ്.ബി

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ **3572** തീയതി **21.01.2026**)

ധനകാര്യവകുപ്പ് **(3295617/I&PW-B1/262/2025-FIN dated 05.12.2025)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ - **D1/464/2025-PWD**

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 23-01-2026 13:31:14

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 21-01-2026**

ഫയൽ നം. ഡി1/464/2025/പൊ.മ.വ. ഇനം നം: 3572

വിഷയം : പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പമ്പ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തി - ടെണ്ടർ എക്സസ് - നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

3572

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി1/464//2025/പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | പത്തനംതിട്ട ജില്ലയിലെ പമ്പ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണത്തിന്റെ - ബാലൻസ് പ്രവൃത്തി -ടെണ്ടർ എക്സ്സ്-നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.01.2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | നിത എം |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.01.2026. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ . ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.01.2026. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ. പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.01.2026. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.01.2026. |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട ജില്ലയിലെ പമ്പ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/S Uralungal Labour Contract Co operative Society Ltd. സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ (പിഎംയു-കെആർഎഫ്ബി) ടെ അപേക്ഷ സംബന്ധിച്ച കുറിപ്പാണിത്.

2) പത്തനംതിട്ട ജില്ലയിലെ പമ്പ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 31.10.2016 തീയതിയിലെ സ.ഉ(സാധാ)നം. 1496/2016/പിഡബ്ല്യുഡി പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 19.09.2017 ലെ ഉത്തരവ് നമ്പർ APR-1/174/2017/KIIFB പ്രകാരം 26.76 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും നൽകുകയും, സാങ്കേതിക അനുമതി നൽകി 21.01.2019 ന് M/s പിജി കൺസ്ട്രക്ഷനുമായി 18 മാസത്തെ പൂർത്തീകരണ കാലയളവുള്ള കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം 28.07.2020 വരെയായിരുന്നു, ഇത് 28.07.2021 വരെ നീട്ടി നൽകി. ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം കാരണം പ്രവൃത്തി മന്ദഗതിയിലായതിനെത്തുടർന്ന് 26.02.2022 ലെ 144/PWD001-25/68B/PTA/2017 നടപടിക്രമം പ്രകാരം കരാർ അവസാനിപ്പിച്ചു.

3) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനെത്തുടർന്ന് ബാക്കിയുള്ള പ്രവൃത്തിക്ക് DsoR 2018 നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 47.56 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി KIIFB യുടെ 01.10.2024 തീയതിയിലെ ഉത്തരവ് നമ്പർ PWD001-25/APR-1/2024/KIIFB പ്രകാരം നൽകുകയും ചെയ്തു. 41.14 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി, ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 22,06,14,966/- രൂപയായി നിജപ്പെടുത്തി 24.03.2025 ന് പ്രവൃത്തി ടെൻഡർ ചെയ്തു എങ്കിലും ആദ്യ ടെൻഡറിൽ ആരും പങ്കെടുത്തില്ല. തുടർന്ന് 07.04.2025 ന് പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തു, രണ്ടാമത്തെ ടെൻഡറിൽ, 2 ബിഡുകൾ ലഭിച്ചു, ക്വോട്ട് ചെയപ്പെട്ട തുക സ്വീകാര്യമായ പരിധിയേക്കാൾ (EPAC-യെക്കാൾ 40.41%) കൂടുതലായതിനാൽ, 27.05.2025-ൽ നടന്ന 59-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി റീടെൻഡർ ചെയ്യാൻ ശുപാർശ ചെയ്തു. 11.06.2025-ന് നടത്തിയ മൂന്നാം ടെൻഡറിൽ, രണ്ട് ബിഡുകൾ ലഭിച്ചു. Price Preference കണക്കിലെടുത്താൽ L1 ബിഡ്ഡറായ M/s. Uralungal Labour Contract Co-Operative Society ക്വാട്ട് ചെയ്ത തുക 31,79,14,748/- രൂപയായിരുന്നു. ഇത് എസ്റ്റിമേറ്റ് PAC-യേക്കാൾ ( 22,06,14,966/- രൂപ) 44.10% ഉം, DsoR2018+10% തുകയേക്കാൾ (24,26,76,463/-) 31% ഉം, LMR (Local Market Rate) തുകയെക്കാൾ (26,55,92,888/-) 19.70% ഉം കൂടുതലാണ്. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിലെ നിരക്ക് (DsoR 2021) പ്രകാരം കണക്കാക്കിയാൽ 24,17,80,161/- രൂപയാണ്. വിവിധ നിരക്കുകളുടെ താരതമ്യ പഠനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ESTIMATE PAC (DSoR 2018) | 22,06,14,966/- |
| DsoR 2018+10% | 24,26,76,463/- |
| LMR (Local Market Rate) | 26,55,92,888/- |
| ESTMATE is Current DSoR (2021) | 24,17,80,161/- |
| DSoR 2021+10% | 26,59,58,177/- |

| | |
|---|---|
| Quoted amount | 31,79,14,748/- |

M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച ബിഡ് GO (P) നമ്പർ 54/2019/Fin dated 04.05.2019 പ്രകാരം സ്വീകാര്യമായ പരിധിയേക്കാൾ കൂടുതലായതിനാൽ 11.08.2025 ന് നടന്ന 61-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി ഈ ബിഡ് സർക്കാരിന് അംഗീകാരത്തിനായി അയയ്ക്കാൻ ശുപാർശ ചെയ്തു.

4) 04/05/2019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിലെ ഖണ്ഡിക 5, ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന DSOR+10% ടോളറൻസ് ലിമിറ്റ് എന്ന പരിധിയ്ക്ക് പുറത്തുള്ള തുകയാണ് നെഗോഷിയേറ്റഡ് തുക എന്നതിനാൽ എൽ 1 ബിഡ്ഡറായഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (44.10% above EPAC) ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് നൽകുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം റിമാർക്സ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. *"The quoted tender excess is 44.10% above the estimate rate. It is reported that the bidder has quoted high rates for almost all items due to anticipated difficulties in execution of various work items at the site.*

*Hence AD is requested to place the existing proposal before the Council of Ministers if AD feels that there is no scope for getting a better offer on recasting and re-tendering.*
*AD is also requested to take further action only after the Model Code of Conduct has ended."*

5) പത്തനംതിട്ട ജില്ലയിലെ പമ്പ നദിക്ക് കുറുകെയുള്ള നിർദ്ദിഷ്ട പുതിയ റാന്നി വലിയ പാലം പമ്പാ നദിയിൽ നിലവിലുള്ള റാന്നി പാലത്തിന്റെ ഡൗൺസ്ട്രീം ഭാഗത്ത്, റാന്നി ബ്ലോക്ക് പാടി-റാന്നി അങ്ങാടി എന്നിവയെ ബന്ധിപ്പിക്കുന്ന തരത്തിൽ നിർമ്മിക്കുന്നതാണ്. റാന്നി പട്ടണത്തിലെ പി.എം. റോഡിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും, റാന്നി പട്ടണവുമായി ബന്ധിച്ചിരിക്കുന്ന മറ്റ് റോഡുകളെ ബന്ധിപ്പിക്കുന്ന മാർഗമായി പ്രവർത്തിക്കുന്നതിനും ഈ പാലം ഉപകരിക്കും, കൂടാതെ, ഉത്സവകാലങ്ങളിൽ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനാൽ ശബരിമല തീർത്ഥാടകർക്ക് ഈ പദ്ധതി ഏറെ ഉപകാരപ്രദമായിരിക്കും. 28.07.2020-ൽ പൂർത്തീകരിക്കേണ്ട, റാന്നി മണ്ഡലത്തിലെ പുതിയ റാന്നി വലിയ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം, ഭൂമി ഏറ്റെടുക്കലിലുണ്ടായ കാലതാമസംകാരണം, പൂർത്തീകരിക്കാൻ കഴിയാതെ വരികയും പ്രവർത്തി foreclose ചെയ്യുകയും ചെയ്തു. നിലവിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി ബാക്കിയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR-2018 പ്രകാരം തയ്യാറാക്കി, പ്രവർത്തി മൂന്ന് തവണ ടെൻഡർ ചെയ്തു കഴിഞ്ഞു. ആദ്യ ടെൻഡറിൽ പങ്കാളിത്തമൊന്നും തന്നെ ഉണ്ടായില്ല. മൂന്നാമത് ടെൻഡറിൽ രണ്ട് bidder പങ്കെടുക്കുകയും, L1-ആയ ULCCS-ക്വാട്ട് ചെയ്തിരിക്കുന്ന നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാളും 44.10 ശതമാനം മുകളിലുമാണ്. 2018 ലെ ഡിഎസ്ആറിൽ മൂന്നാം തവണയും ജോലിയുടെ ബാക്കി എസ്റ്റിമേറ്റ് ടെൻഡർ ചെയ്തതിനാൽ, എസ്റ്റിമേറ്റ് റീകാസ്റ്റിംഗിൽ പോലും മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ് എന്ന് കെ.ആർ.എഫ്.ബി പ്രോജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല ഭാഗികമായി പൂർത്തിയാക്കിയ പ്രവൃത്തി പൂർണമാക്കാതെ ഈ പദ്ധതിയുടെ ലക്ഷ്യം സാധ്യമാകില്ല എന്നും, പൂർത്തിയാക്കാൻ താമസിക്കുന്നത് അധിക ചെലവിന് കാരണമാകും എന്നും, 2020-ൽ പൂർത്തീകരിക്കേണ്ട പ്രവർത്തി, നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാത്തത് വലിയ പ്രതിഷേധങ്ങൾക്ക് കാരണമായിട്ടുണ്ട് എന്നും

കെ.ആർ.എഫ്.ബി പ്രോജക്റ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ, പദ്ധതിയുടെ അടിയന്തര സ്വഭാവവും പ്രാധാന്യവും പരിഗണിച്ച്, L1 ബിഡ്ഡർ സമർപ്പിച്ച ബിഡ് അംഗീകരിക്കണമെന്ന് പ്രോജക്റ്റ് ഡയറക്ടർ (KRFB-PMU) അഭ്യർത്ഥിച്ചിട്ടുണ്ട്.

6) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

പത്തനംതിട്ട ജില്ലയിലെ പമ്പാ നദിക്ക് കുറുകെയുള്ള പുതിയ റാന്നി വലിയ പാലത്തിന്റെ നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC -യെക്കാൾ 44.10% വർദ്ധനവുള്ളതും , DSoR2018+10% തുകയെക്കാൾ 31% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ 19.70% വർദ്ധനവുള്ളതുമായ 31,79,14,748/- രൂപയുടെ (മുപ്പത്തിയൊന്ന് കോടി എഴുപത്തിയൊമ്പത് ലക്ഷത്തി പതിനാലായിരത്തി എഴുനൂറ്റി നാല്പത്തിയെട്ട് ) ടെണ്ടർ ; 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ പ്രകാരം നിലവിലുള്ള മാനദണ്ഡമായ " Quoted rate / LMR or DSOR+10% whichever is less" എന്നതിൽ ഇളവ് വരുത്തിക്കൊണ്ട് അംഗീകരികരിക്കണമെന്ന പിഎംയു-കെആർഎഫ്ബി പ്രോജക്റ്റ് ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച് ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?